# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 16.06.2026**

## പ്രധാനവാർത്തകൾ

1. ഫ്രാൻസിൽ നടക്കുന്ന ജി7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ആഗോള തലത്തിലെ സുപ്രധാന വിഷയങ്ങൾ ലോകനേതാക്കളുമായി ചർച്ച ചെയ്യുമെന്ന് പ്രധാനമന്ത്രി.
2. സെൻസസ് 2027 ന്റെ ഭാഗമായ സെൽഫ് എനുമറേഷൻ നടപടികൾക്ക് കേരളത്തിൽ തുടക്കമായി. സെൻസസ് നടപടികളുമായി എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിച്ച് ഗവർണറും, മുഖ്യമന്ത്രിയും.
3. സംസ്ഥാനത്തെ പകർച്ചവ്യാധി വ്യാപനം നിയന്ത്രിക്കാൻ ഹൈപ്പവർ കമ്മിറ്റി രൂപീകരിച്ചതായി ആരോഗ്യമന്ത്രി കെ.മുരളീധരൻ. സംസ്ഥാനത്ത് ഈ മാസം ഷിഗല്ല സ്ഥിരീകരിച്ചത് 70 പേർക്ക്.
4. ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇതുവരെ 10 കോടിയിലധികം രൂപയുടെ നിരോധിത ലഹരി ഉത്പന്നങ്ങൾ പിടികൂടിയതായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.
5. കഫ് സിറപ്പുകളുടെ വിൽപ്പന, ലൈസൻസുള്ള ഫാർമസികൾ വഴി മാത്രമേ പാടുള്ളൂ എന്ന് കേന്ദ്ര സർക്കാർ.
6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് ഫ്രാൻസ്-സെനഗൽ പോരാട്ടം.

RNU TVPM

## പ്രധാനമന്ത്രി ജി7

ജി7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രാൻസിലെ ഇവിയനിലെത്തി. അന്താരാഷ്ട്ര ഐക്യദാർഢ്യം പുനർനിർമ്മിക്കുക എന്ന വിഷയത്തിൽ നടക്കുന്ന വർക്കിങ് സെഷനിലാണ് പ്രധാനമന്ത്രി പങ്കെടുക്കുക. ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോൺ അദ്ദേഹത്തെ ഔദ്യോഗികമായി സ്വാഗതം ചെയ്യും. കാനഡ പ്രധാനമന്ത്രി മാർക് കാർണി, യുകെ പ്രധാനമന്ത്രി കിയർ സ്റ്റാമർ, യുഎഇ പ്രസിഡൻറ് ഷേഖ് മുഹമ്മദ് ബിൻ സായേദ് അൽ നഹ്യാൻ എന്നിവരുമായി ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ ശ്രീ മോദി കൂടിക്കാഴ്ച നടത്തും. ആഗോള തലത്തിൽ നിലനിൽക്കുന്ന സുപ്രധാന വിഷയങ്ങൾ നേതാക്കളുമായി ചർച്ച ചെയ്യുമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി ശ്രീ മോദി നാളെ കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി സഹകരണം, ആഗോളതല ത്തിലെ സംഭവവികാസങ്ങൾ തുടങ്ങിയവ ഇരുവരും ചർച്ച ചെയ്യും. സ്ലോവാക്യ സന്ദർശനം വിജയകരമായി പൂർത്തിയാക്കിയ ശേഷമാണ് പ്രധാനമന്ത്രി ഫ്രാൻസിൽ എത്തിയത്.

RNU TVPM

## സെൻസസ്

സെൻസസ് 2027 ൻറെ ഭാഗമായ സെൽഫ് എന്യൂമറേഷൻ നടപടികൾക്ക് കേരളത്തിൽ തുടക്കമായി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറും മുഖ്യമന്ത്രി വി ഡി സതീശനും സെൽഫ് എന്യൂമറേഷൻ നിർവഹിച്ചതോടെ യാണ് നടപടികൾക്ക് ഔദ്യോഗികമായി തുടക്കമായത്. സെൻസസ് നടപടികളുമായി എല്ലാവരും സഹകരിക്കണമെന്ന് ഗവർണർ അഭ്യർഥിച്ചു. നാടിൻറെ വികസനത്തിന് ആവശ്യമായ നിർണായക പദ്ധതികൾ തീരുമാനിക്കുന്നത് സെൻസസിലൂടെ ആണെന്നും എല്ലാവരും സെൻസസിൽ സജീവ പങ്കാളികളാകണമെന്നും മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. 15 ദിവസത്തെ സെൽഫ് എന്യൂമറേഷൻ കാലയളവിൽ, പൊതുജനങ്ങൾക്ക് se.census.gov.in എന്ന പോർട്ടൽ വഴി കുടുംബ വിവരങ്ങൾ നേരിട്ട് സമർപ്പിക്കാം. ഈ വിവരങ്ങൾ ഫീൽഡ് സന്ദർശനത്തിനിടെ എന്യൂമറേറ്റർമാർ പരിശോധിച്ച് സ്ഥിരീകരിക്കും. വീടുകളുടെ പട്ടികപ്പെടുത്തൽ അടക്കമുള്ള സെൻസസിൻറെ അടുത്ത ഘട്ട പ്രവർത്തനങ്ങൾ കേരളത്തിൽ ജൂലൈ 1 മുതൽ ആരംഭിക്കും.

## ആരോഗ്യമന്ത്രി (ഇൻട്രോ)

സംസ്ഥാനത്തെ നിപ - ഷിഗെല്ല പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയതായി ആരോഗ്യമന്ത്രി കെ മുരളീധരൻ. പകർച്ച വ്യാധി വ്യാപനം നിയന്ത്രിക്കാൻ ഹൈപ്പവർ കമ്മിറ്റി രൂപീകരിച്ചതായി അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. തിരഞ്ഞെടുപ്പ് കാരണം മഴക്കാല പൂർവ്വ ശുചീകരണം തടസ്സപ്പെട്ടതിനാൽ പകർച്ച വ്യാധിയുടെ വ്യാപനം ഈ വർഷം കൂടുതലാണെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് ഈ മാസം 70 പേർക്ക് ഷിഗല്ല സ്ഥിരീകരിച്ചതായും, മലപ്പുറം, കോഴിക്കോട്, തൃശൂർ ജില്ലകളിലായി 5 പേർ ഷിഗെല്ല ബാധിച്ച് മരിച്ചതായും മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്...കെ മുരളീധരൻ....)

## തൂഫാൻ (ഇൻട്രോ)

ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി ഇതുവരെ 10 കോടിയിലധികം വിലമതിക്കുന്ന നിരോധിത ലഹരി ഉത്പന്നങ്ങൾ പിടികൂടിയതായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. പോലീസ് ആസ്ഥാനത്ത് ഐ.ബി ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികളുടെ ഉദ്യോഗസ്ഥരുമായി നടത്തിയ യോഗത്തിനു ശേഷം വാർത്താ സമ്മേളനത്തിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. അതിർത്തി കടന്നാണ് കേരളത്തിലേക്ക് ലഹരി മരുന്ന് എത്തുന്നതെന്നും, ലഹരി വിൽപ്പനയുടെ ഉറവിടം കണ്ടെത്തി നശിപ്പിക്കുകയാണ് ഓപ്പറേഷൻ തൂഫാന്റെ ലക്ഷ്യമെന്നും മന്ത്രി അറിയിച്ചു. കാരവാനുകളിലും, ഡി.ജെ പാർട്ടികളിലും, ഫൈവ് സ്റ്റാർ ഹോട്ടലുകളിലും അടക്കം പരിശോധന നടത്തും. മയക്കുമരുന്നിനെതിരെ തൂഫാൻ warrior ആയി പ്രവർത്തിക്കാൻ നടൻ മോഹൻലാൽ ഉൾപ്പെടെയുള്ള പ്രമുഖർ സന്നദ്ധത അറിയിച്ചതായും ശ്രീ രമേശ് ചെന്നിത്തല പറഞ്ഞു.

(ഹോൾഡ്..........)

## സദാനന്ദൻ മാസ്റ്റർ

RNU TVPM

കഴിഞ്ഞ 12 വർഷം രാജ്യത്ത് സമാനതകളില്ലാത്ത വികസനമാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ കാഴ്ച വച്ചതെന്ന് രാജ്യസഭാ എംപി, സി. സദാനന്ദൻ മാസ്റ്റർ. സബ് കാ സാത്, സബ് കാ വികാസ്, സബ് കാ വിശ്വാസ്, സബ് കാ പ്രയാസ് എന്ന മന്ത്രം സമൂഹത്തിലെ ഓരോ വ്യക്തിയിലേക്കും എത്തിക്കാൻ സർക്കാരിന് സാധിച്ചതായും അദ്ദേഹം കണ്ണൂരിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 25 കോടി ജനങ്ങളെ സർക്കാർ ദാരിദ്ര്യത്തിൽ നിന്ന് പൂർണ്ണമായും മോചിപ്പിച്ചതായും അദ്ദേഹം പറഞ്ഞു.

## കഫ് സിറപ്പ് നിയന്ത്രണം (ഇൻട്രോ)

കഫ് സിറപ്പുകളുടെ വിൽപ്പനയും വിതരണവും ലൈസൻസുള്ള ഫാർമസികൾ വഴി മാത്രമേ ഇനി മുതൽ പാടുള്ളൂ എന്ന് കേന്ദ്ര സർക്കാർ. ചെറുഗ്രാമങ്ങളിൽ കഫ് സിറപ്പ് വിൽപ്പനയ്ക്ക് നൽകിയിരുന്ന ഇളവ്

പിൻവലിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. കഫ്സിറപ്പുകൾ ഡോക്ടറുടെ കുറിപ്പടിയോടെ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്നും, അനാവശ്യ മരുന്ന് ഉപയോഗം നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ ഈ നടപടി സ്വീകരിച്ചതെന്നും ഐഎംഎ, റിസർച്ച് സെൽ കൺവീനർ, ഡോ. രാജീവ് ജയദേവൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

RNU TVPM

## മലേറിയ

കോഴിക്കോട് ജില്ലയിൽ ഒരാൾക്ക് കൂടി മലേറിയ റിപ്പോർട്ട് ചെയ്തു. ഒളവണ്ണ സ്വദേശിക്കാണ് രോഗബാധ. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധനകൾ ആരംഭിച്ചു. ഇന്നലെ തിക്കോടിയിൽ മധ്യപ്രദേശ് സ്വദേശിക്കും മലേറിയ സ്ഥിരീകരിച്ചിരുന്നു.

## കെ.എസ്.ആർ.ടി.സി

പ്രിയദർശിനി സൗജന്യ യാത്ര പദ്ധതി' നിലവിൽ വന്നതോടെ, വെള്ളയും നീലയും നിറത്തിലുള്ള ഓർഡിനറി ബസുകൾ, സിറ്റി ഫാസ്റ്റ് ബസുകളാക്കി മാറ്റുന്നുവെന്ന പ്രചാരണം വ്യാജവും അടിസ്ഥാനരഹിതവുമെന്ന് കെഎസ്

ആർടിസി. ഓർഡിനറി വിഭാഗത്തിൽ മുൻപ് ഉണ്ടായിരുന്ന എല്ലാ സർവീസുകളും തുടർന്നും ഓർഡിനറി സർവീസായി തന്നെ നിലനിർത്തിയിട്ടുണ്ടെന്നും, തമ്മിൽ മാറിപ്പോകാതിരിക്കാനാണ് "CITY FAST" എന്ന സ്റ്റിക്കർ പതിച്ചതെന്നും കെഎസ്ആർടിസി അറിയിച്ചു.

---

## പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ്

കെഎസ്ആർടിസി ബസുകളിലെ സ്ത്രീകളുടെ സൗജന്യ യാത്ര സ്വകാര്യ ബസ് മേഖലയെ തകർക്കുന്നതായി പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ. കെഎസ്ആർടിസിയിൽ എന്നപോലെ സൗജന്യ യാത്ര സ്വകാര്യ ബസ്സുകളിലും നടപ്പാക്കി, ആ തുക സർക്കാർ സബ്സിഡിയായി നൽകണം എന്നെ ആവശ്യം സംഘടന മുന്നോട്ടു വച്ചു. ഉപാധികൾ അംഗീകരിച്ചില്ലെങ്കിൽ സമര മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്നും ബസ് ഉടമകൾ പറഞ്ഞു.

RNU TVPM

---

## ഡിജെ പാർട്ടികൾക്ക് നിയന്ത്രണം

കൊച്ചി സിറ്റി പോലീസ് പരിധിയിലെ ബാർ ഹോട്ടലുകളിലും മറ്റും നടത്തി വരുന്ന ഡിജെ പാർട്ടികൾക്കും ഉയർന്ന ഡെസിബൽ സംഗീത പരിപാടി കൾക്കും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം 15 ദിവസത്തേക്ക് കൂടി നീട്ടി. രാത്രി 11 മണിക്കു ശേഷം ഇവ നടത്താൻ പാടില്ല എന്ന സിറ്റി പോലീസ് കമ്മീഷണറുടെ ഉത്തരവാണ് ദീർഘിപ്പിച്ചത്.

---

## യോഗാ

ഈ മാസം 21 ന് നടക്കുന്ന അന്താരാഷ്ട്ര യോഗാ ദിനത്തിനുള്ള വിപുലമായ ഒരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. "ആരോഗ്യകരമായ വാർദ്ധക്യ ത്തിന് യോഗ" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. കൊൽക്കത്തയിൽ യോഗ ദിനാചരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും.

---

## ഫിഫ

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് ഫ്രാൻസ്-സെനഗൽ പോരാട്ടം. രാത്രി 12.30 നാണ് മത്സരം. നാളെ പുലർച്ചെ 3.30 ന് നടക്കുന്ന മത്സരത്തിൽ നോർവേ-ഇറാഖിനെയും, 6.30 ന് അർജൻറീന-അൾജീരിയയെയും നേരിടും. ഇന്ന് രാവിലെ നടന്ന ഇറാൻ- ന്യൂസിലൻഡ് മത്സരം സമനില യിൽ കലാശിച്ചു . ബെൽജിയം-ഈജിപ്റ്റ്, സൗദിഅറേബ്യ - യുറുഗ്വേ മത്സരങ്ങളും സമനിലയിലാണ് പിരിഞ്ഞത്.

## ഐസിസി ടി - 20

ഐസിസി ടി 20 വനിതാ വേൾഡ് കപ്പ് ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സര ങ്ങൾ. രാത്രി 7 മണിക്ക് ന്യൂസിലാൻഡ് ശ്രീലങ്കയെയും 11 മണിക്ക് ഇംഗ്ലണ്ട് അയർലണ്ടിനെയും നേരിടും.

## മഴ

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത യെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം, എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

RNU TVPM

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 544 പോയിൻറ് ഉയർന്ന് 76,808 ലും, നിഫ്റ്റി 135 പോയിൻറ് നേട്ടത്തിൽ 23,989 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവില കുറഞ്ഞു. പവന് 120 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 11,000 രൂപയും ഗ്രാമിന് 13,875 രൂപയുമാണ് ഇന്നത്തെ വില.